<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1515</u> <u>12-02-2025 - ൽ മറുപടിയ്ക്ക്</u>

<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനത്തിനു ഭൂമി ഏറ്റെടുക്കൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കലിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര വില്ലേജിൽ ഉൾപ്പെട്ട ഭൂമി നെയ്യാറ്റിൻകര ജനറൽ ഹോസ്പിറ്റൽ വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം അഡീഷണൽ എൽ.എ യൂണിറ്റ് സ്പെഷ്യൽ തഹസിൽദാരെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതും, 18/06/2024-ൽ അർത്ഥനാധികാരിയുമായി ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തുകയും സർവ്വെ അതിരടയാള നിയമത്തിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 01/08/2024-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന്, സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതിക്ക് 12/09/2024-ൽ തിരുവനന്തപുരം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ, ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ 03/08/2023-ലെ സ.ഉ(സാധാ)നം. 1946/2023/H&FWD നമ്പർ ഭരണാനുമതി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തിലും റവന്യൂ വകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തിലും വ്യത്യാസം ഉള്ളതിനാൽ ആയതിൽ വ്യക്തത വരുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി ഉത്തരവ് പുറപ്പെടുവിച്ച്, 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമത്തിലും, 2015 ലെ ചട്ടങ്ങളിലും പ്രതിപാദിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ച് സ്ഥലമേറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ